**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 676** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മണ്ഡലത്തിൽ 2021-26 കാലയളവിൽ ഏതെല്ലാം നഗറുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും പുരോഗതി വ്യക്തമാക്കാമോ?

**<u>മറുപടി:</u> പാക്കരത്ത് പട്ടികജാതി നഗറിലെ** (2021-22) പ്രവർത്തികൾ 90% പൂർത്തീകരിച്ചു. സംരക്ഷണഭിത്തി നിർമ്മാണം (19 എണ്ണം), വീടുകളുടെ നവീകരണം (16 എണ്ണം), പൊതു കിണറിന് മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡും നടപ്പാതകളും അഞ്ചെണ്ണത്തിൽ 3 റോഡ് പണി പൂർത്തിയായി, 1 റദ്ദ് ചെയ്തു. 2 കിണർ നവീകരണം ഉൾപ്പെടുത്തിയതിൽ ഒരെണ്ണം പൂർത്തിയായിട്ടുണ്ട്.

**ആനക്കോട് പട്ടികജാതി നഗറിലെ** (2021-22) 40% പ്രവർത്തികൾ പൂർത്തീകരിച്ചു. സംരക്ഷണഭിത്തി നിർമ്മാണം, റോഡും നടപ്പാതയും (6 എണ്ണം), കിണർ അറ്റകുറ്റപ്പണി (9 എണ്ണം), വീടുകളുടെ നവീകരണം (19 എണ്ണം) എന്നിവ പുരോഗമിക്കുന്നു.

**അടങ്ങുംപുറം പട്ടികജാതി നഗറിലെ** (2025-26) പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**